പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3537 12.12.2014-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകളിലെ മാനുവൽ പരിഷ്കരണത്തിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാലോട് രവി** | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ് പ്രസ്സുകളിലെ മാനുവൽ പരിഷ്കരിക്കുവാൻ ഗവൺമെന്റ് തീരുമാനി ച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ; | (ബി & സി) | 29.09.2012 തീയതിയിലെ സ.ഉ(സാധാ) നം.2082/12/ഉവിവ, 15.10.2012 തീയതി യിലെ സ.ഉ (സാധാ) നം.2206/2012/ഉ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ.കെ.പി.മണിലാലി നെ പ്രസ്സ് മാനുവൽ പരിഷ്കരിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. എന്നാൽ അച്ചടി വകുപ്പിന്റെ നവീകരണത്തെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ നിയോഗിച്ച ഇന്ദിരാ ചന്ദ്രശേഖർ ചെയർപേഴ്സണായ കമ്മിറ്റി 11.05.2011-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രസ്സ് മാനുവൽ പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്നതിനും നിലവിലുള്ള സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിലേക്കുമായി മറ്റൊരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. Productivity Council ന്റെ work study നടക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടു കൂടി ലഭ്യമായശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഈ സാമ്പത്തികവർഷം പ്രസ്സ് മാനുവൽ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ